പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 540** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സ്കൂൾ,കോളേജ് വിദ്യാർത്ഥികളെ ലഹരി വിതരണ ശൃംഖലകളിൽ നിന്നും സംരക്ഷിക്കാൻ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** മയക്കുമരുന്ന് മാഫിയകൾ ഏറ്റവും കൂടുതൽ ലക്ഷ്യം വയ്ക്കുന്നത് വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരിൽ നിന്നും സ്കൂൾ കോളേജ് വിദ്യാർത്ഥികളെ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; അവ ഫലപ്രദമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ?

**<u>മറുപടി:</u>** മയക്കുമരുന്ന് മാഫിയകൾ ഏറ്റവും കൂടുതൽ ലക്ഷ്യം വയ്ക്കുന്നത് വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട മയക്കുമരുന്ന് മാഫിയകളിൽ നിന്നും സ്കൂൾ കോളേജ് വിദ്യാർത്ഥികളെ സംരക്ഷിക്കുന്നതിനായി വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ നേതൃത്വത്തിൽ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ വളരെയധികം ഫലപ്രദമാണെന്നത് നിസംശയം വ്യക്തമാണ്. ഈ പ്രവർത്തനങ്ങളിലൂടെയും പദ്ധതികളിലൂടെയും സ്കൂൾ-കോളേജ് വിദ്യാർത്ഥികളെ മയക്കുമരുന്ന് മാഫിയകളുടെ കൈപ്പിടിയിൽ നിന്നും സംരക്ഷിക്കുവാനും ആയതിൽ നിന്നും തിരിച്ച് കൊണ്ട് വരാനും കഴിഞ്ഞിട്ടുണ്ട്.

വിദ്യാലയങ്ങളിലും, കോളേജുകളിലും യാതൊരു തരത്തിലുള്ള ലഹരി വസ്തുക്കളും എത്തുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനായി ലഹരി കച്ചവടക്കാരുടെ സാമീപ്യം സ്കൂൾ/കോളേജ് പരിസരത്തു നിന്നും ഉന്മൂലനം ചെയ്യുന്നതിനുള്ള കർശനമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തി വരുന്നു. സ്കൂളുകളിലെ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി അനധികൃതമായി സ്കൂൾ കോമ്പൗണ്ടിൽ പ്രവേശിക്കുവാനോ, വിദ്യാർത്ഥികൾക്ക് പുറത്ത് പോകാനോ കഴിയുന്ന മാർഗ്ഗങ്ങൾ, ഉപയോഗശൂന്യമായ ബാത്ത് റൂമുകൾ, മറ്റ് കെട്ടിടങ്ങൾ, കുറ്റിക്കാടുകൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കാൻ പറ്റിയ ഇടങ്ങൾ എന്നിവ ഉണ്ടോ എന്ന് പരിശോധന നടത്തി അതിന് പരിഹാരം കാണാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സ്കൂൾ വിദ്യാർത്ഥികൾ പുകയില, മയക്കുമരുന്ന്, മദ്യം എന്നിവ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാലോ അത്തരം വിദ്യാർത്ഥികളെപ്പറ്റി വിവരം ലഭിച്ചാലോ അറിയിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും, ഏതെങ്കിലും വിദ്യാർത്ഥിയെ സംബന്ധിച്ച് അത്തരം വിവരം ലഭിച്ചാൽ മാതാപിതാക്കളുമായി ബന്ധപ്പെട്ട് കൗൺസലിംഗ്, തുടർചികിത്സകൾ മുതലായ ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂൾ പരിസരത്തെ കടകളിൽ തുടർച്ചയായി പരിശോധന നടത്തി ലഹരിവസ്തുക്കൾ വില്പന നടത്തുന്നില്ലെന്ന് ഉറപ്പു വരുത്തുകയും ഇത്തരത്തിൽ ഏതെങ്കിലും

സ്ഥാപനങ്ങൾ കണ്ടെത്തിയാൽ അത്തരക്കാർക്ക് എതിരെ ലൈസൻസ് റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ച് വരുന്നു.

ജൂൺ 01 മുതൽ സ്കൂളിലെ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുൻപും ക്ലാസ്സ് അവസാനിച്ചതിന് ശേഷവും കൃത്യമായ ഇടവേളകളിൽ മാസത്തിൽ എല്ലാ അദ്ധ്യായന ദിവസവും എക്സൈസ് ഉദ്യോഗസ്ഥർ പട്രോളിംഗ് നടത്തിവരുന്നുണ്ട്. സ്കൂൾ പരിസരത്ത് സ്ഥിരമായി വന്നുപോകുന്ന/കറങ്ങി നടക്കുന്ന യുവാക്കളെ പ്രത്യേകം നിരീക്ഷിക്കുകയും, അവരെക്കുറിച്ചുള്ള വ്യക്തിവിവരങ്ങൾ ശേഖരിക്കുകയും, ഏതൊക്കെ വിദ്യാർത്ഥികളുമായി ബന്ധപ്പെടാൻ ശ്രമിക്കുന്നുവെന്നും, അവർ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണോ എന്നും പരിശോധനകൾ നടത്തി വരുന്നു.

റേഞ്ച് പരിധിയിലെ ഓരോ സ്കൂളുകളിലെയും കുട്ടികളുടെ യൂണിഫോം മനസ്സിലാക്കി, സ്കൂൾ സമയത്ത് യൂണിഫോമിൽ കറങ്ങി നടക്കുന്ന കുട്ടികളെ തിരിച്ചറിഞ്ഞ് സ്കൂളുകൾ മുഖേന രക്ഷിതാക്കളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ ലഹരി എത്തിക്കുന്ന മാർഗ്ഗങ്ങൾ നാട്ടുകാരുടെ സഹായത്തോടെയും കൃത്യമായ നിരീക്ഷണങ്ങളിലൂടെയും കണ്ടെത്തി ആയതു നിയമപരമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി ഉപയോഗിച്ചതായി സംശയിക്കപ്പെടുന്നവരെ Abon Kit ഉപയോഗിച്ച് പരിശോധന നടത്തി ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയാൽ അത്തരക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. 2026 ജനുവരി മുതൽ മെയ് വരെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ നിന്നും 18317 പരിശോധനകൾ നടത്തിയതിൽ 1008 COTPA കേസുകൾ കണ്ടെടുത്ത് പിഴ ഈടാക്കിയിട്ടുണ്ട്.

"വിമുക്തി" മിഷൻ നടത്തുന്ന ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സ്കൂൾ തലത്തിൽ പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും, അവരിലെ കലാപരവും കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഉണർവ്വ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഉണർവ്വ് പദ്ധതിയിലൂടെ “ലഹരിക്കെതിരെ കായിക ലഹരി" എന്ന ആശയം കുട്ടികളിലൂടെ പ്രാവർത്തികമാക്കുന്നതിനും, ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ലഹരിവിരുദ്ധ ക്ലബ്ബുകളിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും, കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനുമായി, സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ “ടീം വിമുക്തി” എന്ന പേരിൽ, നെറ്റ് ബോൾ, വോളീ ബോൾ, ഹാൻഡ് ബോൾ, ഖോഖോ, കബഡി തുടങ്ങിയ വിവിധ കായിക ഇനങ്ങളിലായി സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുള്ളതാണ്. നിലവിൽ 1500 സ്കൂളുകളിൽ ടീം രൂപീകരിച്ചിട്ടുണ്ട്.

ലഹരിയുടെ ഉപയോഗം മൂലം വിദ്യാർത്ഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും, പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അവ പരിഹരിച്ച് കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി നേർവഴി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. (നേർവഴി മൊബൈൽ നമ്പർ 9656178000). 29.09.2022 -ൽ ആരംഭിച്ച ടി പരിപാടിയിൽ ആകെ ലഭിച്ച 812 പരാതികൾ പരിഹരിച്ചിട്ടുള്ളതാണ്.

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും, ജീവിത നൈപുണ്യങ്ങൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിനും പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി ബാല്യം അമൂല്യം പദ്ധതി നടപ്പിലാക്കി വരുന്നു. പൈലറ്റ് പദ്ധതിയായി ഒരു ജില്ലയിൽ 10 സ്കൂളുകൾ വീതം എല്ലാ ജില്ലകളിലുമായി ആകെ 140 സ്കൂളുകളിൽ ആരംഭിച്ചു. കൂടുതൽ സ്കൂളുകളിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലും, സി.ബി.എസ്.ഇ, കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങി എല്ലാ വിഭാഗം സ്കൂളുകളിലും ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. 2025-26 വർഷത്തിൽ സ്കൂൾതലത്തിൽ 5862 ഉം കോളേജ് തലത്തിൽ 890 ഉം ക്ലബ്ബുകൾ രൂപീകരിച്ചു. ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിനായി 2022-2023 വർഷത്തിൽ SCERT യുമായി സഹകരിച്ച് കുട്ടികൾക്കായി "തെളിവാനംവരയ്ക്കുന്നവർ" എന്ന പേരിൽ ഒരു കൈപുസ്തകം തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുള്ളതാണ്.

കുട്ടികൾക്ക് വിവിധ വിഷയങ്ങളിൽ അവബോധം നൽകുന്നതിനുള്ള "കൂടെയുണ്ട് കരുത്തേകാൻ" പദ്ധതിയുടെ ഭാഗമായി, ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി "ജീവിതമാണെന്റെ ലഹരി" എന്ന മൊഡ്യൂളുകൾ തയ്യാറാക്കി സംസ്ഥാനതലത്തിൽ റിസോഴ്സ് അദ്ധ്യാപകർക്ക് പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ പ്രിൻസിപ്പലിന്റെ/വൈസ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ "നേർക്കൂട്ടം" എന്ന പേരിൽ ഒരു കമ്മിറ്റിക്ക് രൂപം നൽകി പ്രവർത്തിച്ചു വരുന്നു. നിലവിൽ 2906 നേർക്കൂട്ടം കമ്മിറ്റികൾ സംഘടിപ്പിച്ചിട്ടുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കായി നേർക്കൂട്ടം/ശ്രദ്ധ കമ്മിറ്റികളുടെ സഹകരണത്തോടെ 14 ജില്ലകളിലും ജില്ലാതലത്തിൽ ലഹരിക്കെതിരെ ബോധാവൽക്കണത്തിലൂന്നിയുള്ള ജീവിത വിജയത്തെപ്പറ്റി മോട്ടിവേഷൻ ക്ലാസുകൾ സംഘടിപ്പിച്ചു. 2026 ജനവരി 12 ദേശീയ യുവജനദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കോളേജ് വിദ്യാർത്ഥികൾക്കായി ശ്രദ്ധ/ നേർക്കൂട്ടം കമ്മിറ്റികളുടെ സഹകരണത്തോടെ "യുവതയ്ക്കൊപ്പം" എന്ന പേരിൽ ലഹരി വിരുദ്ധ സെമിനാർ 69 സർക്കിൾ തലത്തിൽ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കോളജ് വിദ്യാർത്ഥികൾക്കായി ശ്രദ്ധ/നേർക്കൂട്ടം കമ്മിറ്റികളുടെ സഹകരണത്തോടെ 14 ജില്ലകളിലും ജില്ലാതലത്തിൽ ഫ്ലാഷ് മോബ് മത്സരം, ഡിബേറ്റ് മത്സരം, വോളിബോൾ മത്സരം എന്നിവ സംഘടിപ്പിച്ചു. 2025 നവംബർ 1കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് കോളേജ് വിദ്യാർത്ഥികൾക്കായി ശ്രദ്ധ/നേർക്കൂട്ടം കമ്മിറ്റികളുടെ സഹകരണത്തോടെ എല്ലാ ജില്ലകളിലും ലഹരിക്കെതിരെ വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ഹോസ്റ്റലുകളിൽ പ്രിൻസിപ്പലിന്റെ/വൈസ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ "ശ്രദ്ധ"എന്ന പേരിൽ ഒരു കമ്മിറ്റിക്ക് രൂപം നൽകി പ്രവർത്തിച്ചു വരുന്നു. നിലവിൽ 821 ശ്രദ്ധ കമ്മിറ്റികൾ സംഘടിപ്പിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്കൂളുകൾ തുറക്കുന്നതിനു മുൻപ് ബഹു. എക്സൈസ് മന്ത്രിയുടെ സാന്നിധ്യത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചുകൂട്ടുകയും അതിൽ സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി എക്സൈസ് വകുപ്പും മറ്റു വകുപ്പുകളും ആയി ഏകോപനം നടത്തി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് നിർദ്ദേശം നൽകുകയും ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്കൂൾ- കോളേജ് പരിസരങ്ങളിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു.

2026 ജൂൺ 26 ന് "മയങ്ങില്ല കേരളം" എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ടി പദ്ധതിയുടെ ഭാഗമായി ആന്റിനാർക്കോട്ടിക് ക്ലബ്ബുകളുടെ പ്രവർത്തനം ഉർജ്ജിതമാക്കുകയും, സംസ്ഥാനത്തിലുടനീളമുള്ള എല്ലാ സ്കൂളുകളിലും കൗൺസിലർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും

കുട്ടികൾക്ക് വേണ്ടിയുള്ള ഡീ അഡിക്ഷൻ സെന്ററുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ആശുപത്രികളിൽ കുട്ടികൾക്ക് വേണ്ടിയുള്ള ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും എക്സൈസിന്റെ സേവനം പൊതുജനങ്ങളിലേക്കും കുട്ടികളിലേക്കും എത്തുന്നതിനുവേണ്ടി ഒരു എക്സൈസ് പോർട്ടലും, മൊബൈൽ ആപ്പും ആരംഭിക്കുന്നതിനും ഡീ-അഡിക്ഷന് ശേഷം പുനരധിവാസം വേണ്ട കുട്ടികൾക്ക് ആയതിനുള്ള സേവനം നൽകുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

പ്രസ്തുത പദ്ധതികൾ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**